പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4712 — 22/03/2018 ൽ മറുപടിക്ക്

## കെ.എസ്.ഡി.പി.യുടെ പുനഃസംഘടന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.അനൂപ് ജേക്കബ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കെ.എസ്.ഡി.പി.യുടെ പുനഃസംഘടന മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദീകരിക്കാമോ; | എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡിൻെറ പുന:സംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ളതാക്കുന്നതിനായി ധനകാര്യസ്ഥിതി മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കമ്പനി സർക്കാരിന് നൽകേണ്ട വായ്പാ കുടിശ്ശികയും പലിശയും ഓഹരി മൂലധനമാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടം എഴുതി തള്ളുന്നതിനും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്നു. ഇതനുസരിച്ച് 31-03-2016 വരെയുള്ള സർക്കാർ വായ്പയും കുടിശ്ശികയും ഓഹരി മൂലധനമാക്കുന്നതിനും സഞ്ചിത നഷ്ടം എഴുതിതള്ളുന്ന തുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള തീരുമാനം അന്തിമഘട്ടത്തിലാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മറ്റ് സ്ഥാപനങ്ങളിലും അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ക്യാപ്സൂളും സിറപ്പും ഉല്പാദിപ്പിക്കുന്നതിനുള്ള ബീറ്റാലാക്ടം പ്ലാന്റ് പ്രവർത്തന ക്ഷമമായിട്ടുണ്ടോ; അറിയിക്കാമോ; | ബി) ബീറ്റാലാക്ടം പ്ലാന്റ് 2011 ൽ ഉല്പാദനം തുടങ്ങുകയും, നിലവിൽ എല്ലാ വിഭാഗങ്ങളും പ്രവർത്തന കാര്യക്ഷമത കൈവരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| സി) | സംസ്ഥാനത്തിന് ആവശ്യമായ മരുന്നുകളുടെ എത്ര ശതമാനമാണ് കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ; | സി) സംസ്ഥാനത്ത് ഏകദേശം 7000 കോടി രൂപയുടെ മരുന്നുകൾ ഉപയോഗിച്ചുവരുന്നുണ്ട് (സ്വകാര്യ മേഖലയിലും, ഗവൺമെന്റ് മേഖലയിലും). കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾ സർക്കാർ ആവശ്യത്തിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകി വരുന്നു. കെ.എം.എസ്.സി.എൽ വാങ്ങുന്ന മരുന്നിന്റെ 30-50 ശതമാനം വരെ കെ.എസ്.ഡി.പി. നൽകി വരുന്നു. ഭാവിയിൽ 100 ശതമാനം മരുന്നുകളും നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | കെ.എസ്.ഡി.പി.യുടെ പ്രൊഫഷണൽ നിലവാരം മറ്റ് പ്രമുഖ മൾട്ടിനാഷണൽ മരുന്ന് കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | ഡി) ഉല്പാദന ക്ഷമത, ഗുണനിലവാരം, കാലാനുഗതമായ വില്പന തന്ത്രങ്ങൾ, എന്നീ ഘടകങ്ങളാണ് വൻകിട മരുന്ന് കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിലയിരുത്തിയിട്ടുള്ളതും അത്തരത്തിൽ എല്ലാവിധമായ സംവിധാനങ്ങൾ കെ.എസ്.ഡി.പി. ഒരുക്കിയതിന്റെ ഫലമായി കമ്പനിയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരം, WHO സാക്ഷ്യപത്രം എന്നിവ നേടാൻ കഴിഞ്ഞു.<br>കെ.എസ്.ഡി.പി.യുടെ ബീറ്റാലാക്ടം പ്ലാന്റിന് ജി.എം.പി.യും WHO GMP Certificate ഉം ലഭിച്ചിട്ടുണ്ട്. മറ്റ് മരുന്നുകൾ ഉല്പാദിപ്പിക്കുന്ന പ്ലാന്റ് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിലേയ്ക്ക് അടുത്തുതന്നെ മാറ്റി സ്ഥാപിക്കുന്നതാണ്. ആ പ്ലാന്റിനു കൂടി ജി.എം.പി.യും WHO GMP Certificate ഉം ലഭിക്കുന്ന തരത്തിലുള്ള നിർമ്മാണമാണ് നടത്തിവരുന്നത്. അങ്ങനെ കെ.എസ്.ഡി.പി. മറ്റ് പ്രമുഖ മൾട്ടിനാഷണൽ മരുന്നു കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയരുന്നതാണ്. |

| | |
|---|---|
| ഇ) കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾ കേരള ജനറിക് എന്ന പേരിൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | ഇ) കെ.എസ്.ഡി.പി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കേരള ജനറിക്സ് ഫാർമസികൾ വഴി വിൽക്കുന്ന വിഷയം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ